ജലസമൃദ്ധ കേരളം പദ്ധതി

367 (345) ശ്രീ. ആർ . സെൽവരാജ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് ജലസമൃദ്ധകേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 24-5-2014-ലെ സ.ഉ. (സാധാ) നമ്പർ 89/2014/പരി വഴി സംസ്ഥാനത്ത് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായ ജലസമൃദ്ധ കേരളം പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമുള്ള മലിനീകരണമാണ് വ്യാവസായിക മലിനീകരണത്തേക്കാൾ ഗുരുതരമായി സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. അതിനാൽ ജനപിന്തുണയോടെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജല സുരക്ഷയും ജലസ്രോതസ്സുകളുടെ സമഗ്ര സംരക്ഷണത്തിനും ഒരു ഉടർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനും ഏകോപനത്തിനുമായി വനം, പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന തലത്തിൽ കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉടർ നടപടികൾ സംബന്ധിച്ച വിശദമായ പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly